# വിജയത്തിനു പിന്നിൽ

“ഒരു കാര്യത്തിലും വിജയം കാണുന്നില്ല. ഒന്നിലും ഒരു സ്ഥിരതയും കിട്ടുന്നില്ല. എന്താ ഇനി ചെയ്യുക?” കൂട്ടുകാരന്റെ പരാതി. പലപ്പോഴും പലരിൽനിന്നും കേട്ട ആവലാതിയാണിത്.

ഇത് പരിഹാരമില്ലാത്ത പ്രശ്നമല്ല. എല്ലാറ്റിനുമുണ്ടല്ലോ വഴി. ഇതിനും അതിന്റേതായ പരിഹാരമുണ്ട്.

നമ്മുടെ എല്ലാ കാര്യങ്ങളും ഒരർഥത്തിൽ മൂന്ന് കാര്യങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. അതിൽ പ്രധാനമാണ് ഒരു കാര്യം ചെയ്യാൻ നാം എടുക്കുന്ന കാലം അഥവാ സമയം. രണ്ടാമത്തേത് അലസത. മൂന്നാമത്തേത് സ്ഥിരോത്സാഹം. ഈ മൂന്നും കാര്യങ്ങളെയും നാം എതെല്ലാം വിധത്തിൽ കാണുന്നുവോ അതിനനുസരിച്ചായിരിക്കും നമ്മുടെ ഭാവി ശോഭനമാവുക.

ഫലവും പരിണതിയും എത്രയെന്നോ ഏത് വിധേനയെന്നോ നിശ്ചയമില്ലാത്ത എന്നാൽ നമ്മുടെ ഭാവിക്ക് ഉപകരിക്കുന്ന ഒരു കാര്യത്തിലേക്ക് ഇറങ്ങാൻ പലപ്പോഴും കാലതാമസം വേണ്ടിവരാറുണ്ട്. ഒരുതരം ആശങ്കയും അലസതയുമാണ് നമ്മെ അപ്പോൾ നയിക്കുക. അവസരം നഷ്ടപ്പെടുത്തുകയെന്ന മഹാ നഷ്ടത്തിലേക്കാണ് അത് നമ്മെ കൊണ്ടെത്തിക്കുക. അതിനു പകരം സമയം കളയാതെ ആ കാര്യത്തിലേക്ക് ഇറങ്ങിത്തിരിക്കുകയാണ് വേണ്ടത്.

ഇനി ഇറങ്ങിത്തിരിച്ചാൽ തന്നെ അക്കാര്യത്തിൽ സ്ഥിരോത്സാഹത്തോടെ പിടിച്ചുനില്ക്കുകയെന്ന കൃത്യനിഷ്ഠ പലപ്പോഴും നമുക്ക് ഉണ്ടാകാറില്ല. അതിനാൽ തന്നെ ഇടയ്ക്കു വെച്ച് മരുന്ന് കഴിക്കുന്നത് അവസാനിപ്പിച്ചാലുണ്ടാകുന്ന അവസ്ഥയാണ് നമ്മുടെ മിക്ക കാര്യങ്ങളിലും ഉണ്ടാവുക.

നല്ലതെന്ന് ബോധ്യപ്പെട്ട ഒരു കാര്യം ചെയ്യാൻ ഒട്ടും കാലതാമസം വരുത്തരുത്. അക്കാര്യത്തിൽ ബാഹ്യസമ്മർദ്ദങ്ങളാലോ മറ്റോ നമ്മെ പിടികൂടുന്ന അലസത രംഗം വിട്ടോടാനുള്ള ഒരു കാരണമാകരുത്. ഇടയ്ക്ക് പിടികൂടുന്ന അലസത കാരണം നാം ഏർപ്പെട്ട ഒരു മേഖല നമുക്ക് അധ്വാനം മാത്രമായി മാറുന്ന അവസ്ഥയിൽ ഇടയ്ക്ക് വിട്ടോടുന്ന നാം സ്വയം വരുത്തിവെക്കരുത്.

നല്ല കാര്യം ചെയ്യുന്നതിനും ചീത്ത കാര്യം അവസാനിപ്പിക്കുന്നതിനുമൊക്കെ ഈ കാഴ്ചപ്പാട് ആവശ്യമാണ്. അതാണ് വിജയം ഉറപ്പാക്കാനുള്ള വഴി.